ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. എ. റഹ്മാൻ):

(എ) അവസാനമായി മദ്യനിരോധനം ഏർപ്പെടുത്തിയതു് കൊട്ടാരക്കര താലൂക്കിലാണു്. അതു 1-4-55-ൽ ആണു്. തൊട്ടടുക്കുന്ന താലൂക്കുകളും കൊല്ലവും കുന്നത്തൂരുമാണു്. കൊല്ലംതാലൂക്കിലുള്ള അതിർത്തിപ്രദേശങ്ങളിലെ ഷാപ്പുകളുടെ ഈയാണ്ടത്തെ ലേലത്തുക 45,800 രൂപയും കഴിഞ്ഞയാണ്ടിലേതു 54,400 രൂപയുമാണു്. അങ്ങനെ 8600 രൂപയുടെ കുറവാണുണ്ടായതു്. കുന്നത്തൂർതാലൂക്കിലുള്ള അതിർത്തിപ്രദേശങ്ങളിലെ ഈയാണ്ടത്തെ ലേലത്തുക 46,150 രൂപയും കഴിഞ്ഞവർഷത്തേതു് 24,450 രൂപയുമാണു്. അങ്ങനെ 21,700 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടു്. കൊല്ലംതാലൂക്കിലെ ലേലം നടന്നതു് കൊട്ടാരക്കരയിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നു എന്നു് പ്രഖ്യാപിക്കുന്നതിനു മുൻപായിരുന്നു.

(ബി) ഇപ്രകാരമുള്ള സംഭവങ്ങൾ നടന്നിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതിനാൽ യാതൊരു നടപടികളും എടുക്കേണ്ടതായ ആവശ്യം നേരിട്ടിട്ടില്ല.

(സി) ഉപഷാപ്പുകൾ നടത്തുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. വ്യാജവാറ്റും മാറ്റും കണ്ടുപിടിക്കുവാൻ ഉദ്യോഗസ്ഥന്മാർചെയ്യുന്നതു് ഷാപ്പുടമകൾക്കു മുന്നറിവു കൊടുത്തിട്ടാണെന്നുള്ള യാതൊരു പരാതിയും ഗവണ്മെൻറിനു് ലഭിച്ചിട്ടില്ല. എക്സൈസ്സും, പൊലീസ് സംഘവും ഉദ്യോഗസ്ഥന്മാർ വ്യാജവാറ്റുടങ്ങിയുള്ള കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിൽ സദാ ബദ്ധശ്രദ്ധരായിരിക്കുകയാണു്.

തണ്ണീർമുക്കം ബണ്ടു്.

* 963. [52] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടനാട് ഡവലപ്പുമെൻറ് പദ്ധതിയിലെ ഒരു പ്രധാന ഇനമായി ഉൾപ്പെടുത്തിയിരുന്ന തണ്ണീർമുക്കം ബണ്ടു് പണി കൊച്ചി ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരുടെ എതിർപ്പുമൂലം ഉപേക്ഷിക്കപ്പെട്ടിരിക്കയാണോ;

(ബി) പ്രസ്തുത ബണ്ടു് പുത്തിയാൽ അതു് കൊച്ചി തുറമുഖത്തിനു് ദോഷകരമായിരിക്കുമോ ഇല്ലയോ എന്നു് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന വിദഗ്ദ്ധക്കമ്മിറ്റി അവരുടെ റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) തണ്ണീർമുക്കം ബണ്ടിന്റെ പണി ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ബണ്ടു് കൊച്ചി തുറമുഖത്തിനെ എങ്ങിനെ ബാധിക്കും എന്നറിയുവാൻ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

(ബി) വിദഗ്ദ്ധക്കമ്മിറ്റിയുടെ പ്രാരംഭറിപ്പോർട്ടു് കിട്ടിയിട്ടുണ്ടു്. അവസാനറിപ്പോർട്ടു് പരീക്ഷണങ്ങൾക്കു ശേഷമേ കിട്ടുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly